## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1953    13.06.2019 ൽ മറുപടിക്കുണ്ടായിരുന്നത്

### ഹർത്താലുകൾക്കെതിരെ നിയമനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മിന്നൽ ഹർത്താലുകളെ സംബന്ധിച്ച് ഈയിടെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് നടത്തിയ പരാമർശങ്ങളിൽ പ്രധാനമായത് എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ; | (എ) 07.01.2019 ലെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഇടക്കാല ഉത്തരവ് പ്രകാരം മിന്നൽ ഹർത്താലുകൾ പ്രഖ്യാപിക്കുന്നത് നിയമവിരുദ്ധമെന്ന് പരാമർശിക്കുകയും, ഹർത്താൽ പ്രഖ്യാപിക്കുന്ന വ്യക്തികളോ സംഘടനകളോ, പൊളിറ്റിക്കൽ പാർട്ടികളോ പൊതുഹർത്താൽ പ്രഖ്യാപിക്കുന്നതിന് മുൻപായി 7 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകണമെന്ന് കോടതി ഇടക്കാല ഉത്തരവിട്ടു. ഈ 7 ദിവസത്തിനിടയിൽ ഹർത്താൽ പ്രഖ്യാപിക്കുന്നതിനെതിരെ എതിർപ്പുള്ളപക്ഷം കോടതിയെ സമീപിക്കാവുന്നതാണ്. |
| (ബി) മിന്നൽ ഹർത്താൽ ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി നിരീക്ഷിക്കുകയുണ്ടായോ; | (ബി) മേൽപ്പറഞ്ഞ നിയമാവലി/നിർദ്ദേശം പാലിക്കാതെ പ്രഖ്യാപിക്കുന്ന ഹർത്താലുകൾ നിയമവിരുദ്ധമാണ്. പ്രഖ്യാപിക്കുന്ന ഹർത്താലുകളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഉത്തരവാദി ഹർത്താൽ പ്രഖ്യാപിക്കുന്ന വ്യക്തികളോ സംഘടനകളോ, പൊളിറ്റിക്കൽ പാർട്ടികളോ ആയിരിക്കുന്നതാണ്. |
| (സി) എങ്കിൽ കോടതി നിരീക്ഷണത്തിന്റെയും പൊതുതാൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ ഹർത്താൽ നിരോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br>(ഡി) എങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) & (ഡി) മിന്നൽ ഹർത്താൽ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം പൊതുവായ ചർച്ചയിലൂടെ തീരുമാനമെടുക്കേണ്ട ഒന്നാണ്. |

സെക്ഷൻ ഓഫീസർ